**QP CODE**

**C1019**

**Enrollment Number: ………………**

**Name: ……………………………….**

**FOUR YEAR UNDER GRADUATE DEGREE EXAMINATIONS, JULY 2025**

**Second Semester**

**B.A (Honours) Malayalam Language and Literature**

**SGB24ML102MC – ചെറുകഥാസാഹിത്യം**

**(2024 July admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. കേസരി എന്ന തൂലികാനാമത്തിൽ രചന നിർവ്വഹിച്ച ആദ്യകാലചെറുകഥാകൃത്താര്?
2. കീറ്റ്സിന്റെ 'ഇസബെല്ല' എന്ന കൃതിക്ക് മൂർക്കോത്തു കുമാരൻ രചിച്ച സ്വതന്ത്രാവിഷ്കാരം ഏത്?
3. കെ.സുകുമാരന്റെ കഥകൾ സംഭാഷണപ്രധാനമായതിനാൽ ആ കഥകൾക്ക് പ്രഹസനം എന്ന പേരാണ് ഉചിതം എന്ന് അഭിപ്രായപ്പെട്ടതാര്?
4. ഓർമ്മയുടെ അറകൾ എന്ന കൃതി ആരുടെ ഓർമ്മക്കുറിപ്പുകളാണ്?
5. സ്വന്തം ജീവിതാനുഭവങ്ങൾ ആവിഷ്കരിക്കുന്നതിനായി വി.കെ.എൻ സൃഷ്ടിച്ച കഥാപാത്രമേത്?
6. കെ.പി ഉമ്മർ എന്ന ചെറുകഥ രചിച്ചതാര്?
7. ജി.ആർ ഇന്ദുഗോപൻ സംവിധാനം ചെയ്ത സിനിമയേത്?
8. 'ആധുനികതയുടെ കേരളീയപരിസരം' എന്ന കൃതിയുടെ രചയിതാവാര്?
9. കുന്നത്ത് കുട്ടൻനായർ ഏതു ചെറുകഥയിലെ കഥാപാത്രമാണ്?
10. മാധവിക്കുട്ടിയുടെ അവസാനകൃതി ഏത്?

**(1X8=8)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക .രണ്ടു മാർക്കു വീതം.**

11. 'അമ്മുവിന് എന്റെ സ്നേഹത്തിൽ വിശ്വാസമില്ല എന്ന് ഇപ്പോൾ ഈ നിമിഷത്തിൽ മാത്രമാണ് ഞാനറിയുന്നത്'' – ആരുടെ പ്രതികരണമാണിത്? സന്ദർഭമേത്?

12. ജമീല ആദ്യമായി അബ്ദുൾ ഖാദറിനോട് ആവശ്യപ്പെടുന്നതെന്ത്? അതു കേട്ടപ്പോൾ അബ്ദുൾ ഖാദർ കരുതുന്നതെന്ത്?
13. പരിണാമഗുപ്തി എന്നാലെന്ത്?
14. വാസ്തുഹാര എന്ന ചെറുകഥയുടെ പ്രമേയമെന്ത്?
15. രാച്ചിയമ്മ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
16. ''ചോദിച്ചാൽ കൃഷ്ണ പറഞ്ഞേക്കുമെന്ന് അയാൾക്കു തോന്നി. അതുകൊണ്ട് അയാൾ ചോദിച്ചില്ല''. ഇത് ഏതു കഥയിലെ കഥാപാത്രം ആരെക്കുറിച്ച് പറയുന്നതാണ്?
17. കെ.സുകുമാരൻ രചിച്ച 'പ്രാണിവംശചരിത്രം' എന്ന രചനയിലെ പ്രതിപാദ്യമെന്ത്?
18. ''ആദർശമൊന്നും നോക്കിയിട്ടു കാര്യമില്ലാ, പണം കൊടുത്ത് പെട്ടെന്നു പെരേൽ കേറിക്കിടക്കാൻ നോക്കൂ.'' - ആരുടെ വാക്കുകൾ? സന്ദർഭമേത്?

**(2X6=12)**

## സെക്ഷൻ സി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

19. അമ്മ എന്നോടു പറഞ്ഞ നുണകൾ എന്ന കഥയിൽ ആവിഷ്കരിക്കപ്പെടുന്ന സ്ത്രീജീവിതത്തിലെ യാഥാർഥ്യത്തെ വിലയിരുത്തുക.
20. ബഷീറിന്റെ പൂവമ്പഴം എന്ന കഥയിലെ അബ്ദുൾഖാദർ എന്ന കഥാപാത്രത്തെ സൂക്ഷ്മമായി നിരീക്ഷിച്ച് വിലയിരുത്തുക.
21. പൂന്താണി കല്യാണി എന്ന കഥാപാത്രത്തിന് 'ആരാന്റെ കുട്ടി' എന്ന കഥയിലുള്ള സ്ഥാനമെന്ത്?
22. മിശ്രവിവാഹം എന്ന കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.
23. ''ലൈംഗികബന്ധത്തെക്കുറിച്ചുള്ള സാമ്പ്രദായിക സദാചാരബോധം രാച്ചിയമ്മ എന്ന കഥയിൽ തകർന്നുവീഴുന്നു.'' - പരിശോധിക്കുക.
24. ഗ്രാമജീവിതവും നാഗരികജീവിതവും 'ശർക്കരകൊണ്ടൊരു തുലാഭാരം' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
25. 'കൃഷ്ണഗാഥ' എന്ന കഥയിൽ തെളിയുന്ന മാധ്യമ അവതരണത്തെ വിമർശനാത്മകമായി വിലയിരുത്തുക..
26. 'ആഖ്യാനസവിശേഷതകൾ- വാസ്തുഹാര എന്ന കഥയിൽ' എന്ന വിഷയത്തെ മുൻനിർത്തി ഉപന്യസിക്കുക.

**(5X6=30)**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

27. മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ സവിശേഷതകൾ വിശദമാക്കുക.
28. മലയാളചെറുകഥയിലെ ആധുനികത എന്ന വിഷയത്തെ അധികരിച്ച് ഉപന്യസിക്കുക.

**QP CODE**
**C1019**

29. കെ.പി ഉമ്മർ എന്ന കഥയുടെ പ്രത്യേകതകൾ വിവരിക്കുക.
30. നാൽക്കാലി എന്ന കഥയിലെ അംഗവൈകല്യം സൃഷ്ടിച്ച പരിമിതികൾക്കുള്ളിൽ നിന്നു പുറത്തു കടക്കാൻ ആഗ്രഹിക്കുന്ന പൂങ്കൊടി എന്ന കഥാപാത്രത്തെ സമകാല സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

**(10X2=20)**